പതിമൂന്നാം കേരള നിയമസഭ

ഒൻപതാംസമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2721 | 20.06.2013ൽ മറുപടിയ്ക്ക്

## തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവ്വകലാശാല

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എ.റ്റി.ജോർജ്<br>ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ.പാലോട് രവി<br>ശ്രീ.ജോസഫ് വാഴക്കൻ | ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | ചോദ്യം | | ഉത്തരം |
| --- | --- | --- | --- |
| എ | തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവ്വകലാശാലയുടെ പ്രവർത്തനത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | എ | 2012 നവംബർ 1 ന് മലയാള സർവ്വകലാശാല ഔപചാരികമായി നിലവിൽ വന്നു. പ്രസ്തുത സർവ്വകലാശാലയിൽ 2013-14 അദ്ധ്യയനവർഷം മുതൽ 5 ബിരുദാനന്തരബിരുദ കോഴ്സുകൾ ആരംഭിക്കണമെന്ന നിർദ്ദേശം 11.01.2013 ന് ചേർന്ന പ്രഥമ നിർവ്വാഹക സമിതിയോഗം അംഗീകരിക്കുകയുണ്ടായി. ആരംഭിക്കാൻ തീരുമാനിച്ച കോഴ്സുകൾ ഇവയാണ്.<br>1. എം.എ.മലയാളം<br>2. എം.എ.മലയാള സാഹിത്യം<br>3. എം.എ.സാഹിത്യരചന<br>4. എം.എ.കേരള സാംസ്കാരിക പൈതൃക പഠനം<br>5. എം.എ.മാധ്യമപഠനം |
| ബി | ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | ബി | നമ്മുടെ ചരിത്രത്തിന്റെയും സംസ്കാരത്തിന്റെയും ജീവിതത്തിന്റെയും സൂക്ഷ്മമായ അംശങ്ങളിലേയ്ക്കും, |

| | | | |
|---|---|---|---|
| | | | കാണാതിരുന്ന അർത്ഥ തലങ്ങളിലേയ്ക്കും വെളിച്ചം ചൊരിയാൻ ഉതകുന്ന, ധൈഷണികമായ ഔന്നത്യം പുലർത്തുന്ന സ്ഥാപനമായിരിക്കും മലയാള സർവ്വകലാശാല. |
| സി | ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്; | സി | മറ്റ് ഏജൻസികളൊന്നും തന്നെ ഇതുമായി സഹകരിക്കുന്നില്ല. |
| ഡി | ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ ? | ഡി | ബാധകമല്ല. |

സെക്ഷൻ ഓഫീസർ